## പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4162 27.06.2012-ൽ മറുപടിയ്ക്ക്

### ടൂറിസം രംഗത്തെ മനുഷ്യവിഭവശേഷിയുടെ അപര്യാപ്തത

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>,, കെ. ശിവദാസൻ നായർ<br>,, പാലോട് രവി<br>,, സണ്ണി ജോസഫ് | ശ്രീ.എ.പി.അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) ടൂറിസം രംഗത്തെ മനുഷ്യ വിഭവശേഷിയുടെ അപര്യാപ്തത പരിഹരിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്;<br><br>(ബി) ഇതിനായി കിറ്റ്സിന്റെ പ്രവർത്തനങ്ങൾ എപ്രകാരം പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്; | (എ) & (ബി) ടൂറിസം രംഗത്തെ മനുഷ്യ വിഭവ ശേഷിയുടെ അപര്യാപ്തത പരിഹരിക്കുന്നതിനായി കിറ്റ്സ് മുഖേന മാനവ ശേഷി വികസനത്തിന് വേണ്ട കോഴ്സുകൾ നടപ്പാക്കാൻ വിവിധ പരിശീലന പരിപാടികൾ, പഠനം, ഗവേഷണം, ഉത്തരവാദിത്ത ടൂറിസം പദ്ധതി നടപ്പാക്കൽ, ടൂറിസം ഇൻഫർമേഷൻ സെന്ററുകളുടെ മാനേജ്മെന്റ് എന്നിവ നടപ്പാക്കി വരുന്നു. ടൂറിസം രംഗത്ത് പ്രവർത്തിക്കുന്ന വിവിധ തലങ്ങളിലെ തൊഴിലാളികളുടെ പ്രവർത്തനക്ഷമതയും ഗുണമേന്മയും വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി "Let's Learn" എന്ന പദ്ധതി വിജയകരമായി കിറ്റ്സ് മുഖേന നടപ്പാക്കി വരുന്നുണ്ട്. കിറ്റ്സിന്റെ നേതൃത്വത്തിൽ കെ.ടി.ഡി.സി ഹോട്ടലുകൾക്ക് ആവശ്യമായ മാനവശേഷി പ്രദാനം ചെയ്യുന്നതിന് ഹോട്ടൽ ഡിപ്ലോമയിൽ പ്രത്യേക കോഴ്സ് വിഭാവനം ചെയ്ത് നടപ്പാക്കുന്നുണ്ട്. തൊഴിൽ വൈദഗ്ധ്യ പരിശീലനം നൽകി യുവതീ യുവാക്കൾക്ക് ടൂറിസത്തിലെ തെരഞ്ഞെടുത്ത രംഗത്ത് പ്രവർത്തിക്കുവാൻ വേണ്ടി സംസ്ഥാനത്തെ വിവിധ കേന്ദ്രങ്ങളിൽ ടൂറിസം സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം കിറ്റ്സ് നടത്തുന്നു. കൂടാതെ ഫുഡ്ക്രാഫ്റ്റ്സ് ഇൻസ്റ്റിറ്റ്യൂട്ടുകൾ വഴിയും മാനവശേഷി സമാഹരണത്തിന് നടപടി സ്വീകരിച്ചു വരുന്നു. |

(സി) ഇക്കോ ടൂറിസം മേഖലയെ വിനോദസഞ്ചാരികൾക്ക് ശാസ്ത്രീയമായി പരിചയപ്പെടുത്തുന്നതിനുള്ള എന്തെല്ലാം പരിപാടികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്?

(സി) ടൂറിസം വകുപ്പിനു കീഴിലുള്ള ഇക്കോ ടൂറിസം ഡയറക്ടറേറ്റ് ഇതുവരെ 105 സ്ഥലങ്ങൾ ഇക്കോ ടൂറിസത്തിന് അനുയോജ്യമാണെന്ന് കണ്ടെത്തുകയും ഇതിൽ 64 സ്ഥലങ്ങളിൽ പദ്ധതി പ്രവർത്തനം ആരംഭിക്കുകയും ഇതിൽ 41 സ്ഥലങ്ങൾ സഞ്ചാരികൾക്കായി തുറന്നു കൊടുക്കുകയും ചെയ്തിട്ടുണ്ട്. വനംവകുപ്പിന് കീഴിലുള്ള ഫോറസ്റ്റ് ഡെവലപ്മെന്റ് ഏജൻസി വഴിയാണ് മിക്ക ഇക്കോ ടൂറിസം പദ്ധതികളും ആവിഷ്ക്കരിച്ച് നടപ്പാക്കുന്നത്. വന സംരക്ഷണ സമിതിയുടെയും, ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റിയുടെയും സഹായത്തോടെ വനത്തിനുള്ളിലെ ഇക്കോ ടൂറിസം സംരംഭങ്ങൾ നടപ്പാക്കുന്നതിലൂടെ പ്രകൃതി സ്നേഹികളെ ഇവിടേയ്ക്ക് ആകർഷിക്കാനും പൊതുജനങ്ങളിൽ പരിസ്ഥിതി സൗഹാർദ്ദത്തിന്റെ പുത്തൻപാഠങ്ങൾ എത്തിക്കാനും സാധിക്കുന്നുണ്ട്. ടൂറിസം രംഗത്ത് താരതമ്യേന ശാസ്ത്രീയത കൂടുതൽ ആവശ്യപ്പെടുന്ന ഒരു മേഖലയായ ഇക്കോ ടൂറിസത്തിൽ പരിസ്ഥിതിയേയും ഭൂമിയേയും സംരക്ഷിച്ചുകൊണ്ടുള്ള ഒരു സുസ്ഥിര വികസന പ്രക്രിയയാണ് വിഭാവനം ചെയ്യുന്നത്.

സെക്ഷൻ ഓഫീസർ